പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 2782 14.02.2013 -ൽ മറുപടിക്ക്.

നഴ്സുമാർക്ക് മിനിമം വേതനം

| ചോദ്യം | മറുപടി |
| --- | --- |
| ഡോ. എൻ. ജയരാജ് :<br>ശ്രീ. പി. സി. ജോർജ് :<br>ശ്രീ. റോഷി അഗസ്റ്റിൻ : | ശ്രീ. ഷിബു ബേബി ജോൺ<br>(തൊഴിലും പുനരധിവാസവും വകുപ്പു മന്ത്രി) |
| (എ) സ്വകാര്യ ആശുപത്രികളിൽ സേവനം അനുഷ്ഠിക്കുന്ന എല്ലാ നഴ്സുമാർക്കും മിനിമം വേതനം ഉറപ്പുവരുത്താൻ സാധിച്ചുവോ; വിശദാംശങ്ങൾ നൽകുമോ; | (എ) മിനിമം വേതനം ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ട്. സ്വകാര്യ ആശുപത്രികളിലെ നഴ്സുമാർക്ക് മിനിമം വേതനം നൽകാത്ത ആശുപത്രി ഉടമകൾക്കെതിരെ ക്ലെയിം പെറ്റിഷനുകൾ ഫയൽ ചെയ്യുന്നതുൾപ്പെടെയുള്ള നിയമ നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) നഴ്സുമാരുടെ ജോലി സമയം എത്ര മണിക്കൂർ എന്നാണ് നിജപ്പെടുത്തിയിട്ടുള്ളത്; ആയതിന് വിരുദ്ധമായ നിലയിൽ ഏതെങ്കിലും ആശുപത്രികളിൽ ജോലി ചെയ്യിപ്പിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ; | (ബി) ഡോ. ബലരാമൻ കമ്മിറ്റി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 13.12.2012 ൽ നടത്തിയ സംയുക്ത ചർച്ചയിലെ തീരുമാനപ്രകാരം നഴ്സുമാരുടെ ജോലി സമയം പഠിക്കുന്നതിനായി ഒരു കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കമ്മിറ്റിയുടെ റിപ്പോർട്ട് ഈ മാസം തന്നെ സമർപ്പിക്കുമെന്നു കരുതുന്നു. |
| (സി) നഴ്സുമാർക്ക് മിനിമം വേതനം ഉറപ്പുവരുത്തുന്നതിനും അർഹമായ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുംവേണ്ടി എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; വിശദാംശങ്ങൾ നൽകുമോ? | (സി) സ്വകാര്യ ആശുപത്രികളിലെ ജീവനക്കാർക്ക് മിനിമം വേതനം ഉറപ്പുവരുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ സ്വകാര്യ ആശുപത്രികളിൽ ജില്ലാ തലത്തിൽ സ്ക്വാഡ് പരിശോധനകൾ നടത്തുകയും നിയമ ലംഘനം കണ്ടെത്തിയ സ്ഥാപനങ്ങൾക്കെതിരെ കർശനമായ നിയമ നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ.